## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *36

05.06.2018 ൽ മറുപടിക്ക്

### വ്യവസായ വളർച്ചയ്ക്കായുള്ള നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ബി. ഗണേഷ് കുമാർ<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി. കെ. നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം പ്രയോജനപ്പെടുത്തുന്നതിനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ലളിതമാക്കുന്നതിനുമായി സ്വീകരിയ്ക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്കനുകൂലമായ സാഹചര്യം പ്രയോജനപ്പെടുത്തി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. ഇതിനായി 2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്ട് നിയമസഭ പാസാക്കിയിട്ടുണ്ട്. ഈ നിയമ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകൾ, അനുവാദം, അംഗീകാരം, ക്ലിയറൻസുകൾ തുടങ്ങിയവ നൽകുന്നതിനുള്ള കാലതാമസം ഇല്ലാതാകും.<br>സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി കെ എസ് ഐ ഡി സി യുടെ കീഴിലുള്ള വിവിധ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങളോട്ടുകൂടിയ ഭൂമി, കെട്ടിടങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പുതിയ വ്യവസായങ്ങൾ തുടങ്ങാനുള്ള ഏകജാലക സംവിധാനം നടപ്പാക്കുന്നതിലെ പുരോഗതി വ്യക്തമാക്കാമോ; | (ബി) | മേൽ പറഞ്ഞ ആക്ട് പ്രകാരം വ്യവസായ സംരംഭകർക്കനുകൂലമായി "കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻറ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്പ്മെൻറ് ആക്ടിൽ" ഭേദഗതികൾ വരുത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്ന് |

| | | | |
|---|---|---|---|
| | | | സംരംഭർക്ക് അനുമതികൾ ലഭ്യമാക്കുന്നതിനും നിലവിലുള്ള അപേക്ഷ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം ( C.A.F) രൂപകല്പന ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷഫോറം ഉൾകൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ ക്ലിയറൻസ് സംവിധാനം ( SWIFT) നടപ്പിലാക്കുന്നതാണ്. ഈ ഓൺലൈൻ സംവിധാനംവഴി അപേക്ഷകളിന്മേലുള്ള പരിശോധനകളും അനുമതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ സെൽ (IPFC) സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. |
| **(സി)** | യുവ സംരഭകർ / വനിതാ സംരംഭകർ എന്നിവർക്കായുള്ള പ്രത്യേക സഹായ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | **(സി)** | എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധനസഹായം കെ എസ് ഐ ഡി സി വഴി നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്. ഇതുകൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ എസ് ഐ ഡി സി യുടെ വിവിധ ഇൻക്യുബേഷൻ സെന്ററുകളിൽ എല്ലാ വിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 3 ഇൻക്യുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗനിർദ്ദേശ സെമിനാറുകളും ചർച്ച യോഗങ്ങളും നടത്തിവരുന്നു.<br>സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുക എന്ന |

| | | | |
|---|---|---|---|
| | | | ലക്ഷ്യത്തോടെ വ്യവസായ വാണിജ്യ വകുപ്പിൽ ഉണ്ടായിരുന്ന പദ്ധതികൾ ഏകോപിച്ച് 01.04.2012 മുതൽ " സംരംഭകത്വ സഹായ പദ്ധതി " നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ഉൽപ്പാദന സംരംഭങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 15 % മുതൽ 30% പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. വനിതാ ക്ഷേമം മുൻനിർത്തി, സർക്കാർ ജെന്റർ ബഡ്ജറ്റിംഗ് വിഭാവനം ചെയ്തിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി മുഖാന്തരം " വി -മിഷൻ" വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വാർഷിക പലിശയിൽ 6 % മുതൽ 8 % വരെ സബ്സിഡിയായി തിരികെ നൽകിവരുന്നു. വനിതാസംരംഭകർക്ക് 8% പലിശയിളവിൽ സബ്സിഡി നൽകിവരുന്നു. |

Bindu T

**സെക്ഷൻ ഓഫീസർ**